പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1572 02.07.2015 ലെ മറുപടിയ്ക്ക്

## തരിശുഭൂമിയിലെ കൃഷി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.കെ.ബാലൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്ത് തരിശുഭൂമി പാട്ടത്തിന് നൽകി കൃഷി നടത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(എ) ഉണ്ട്.

(ബി) എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; എന്തെല്ലാം സഹായങ്ങളാണ് ഈ പദ്ധതിക്ക് നൽകുന്നത് ;

(ബി) കൃഷിഭൂമി തരിശായി കിടക്കുന്നത് ഒഴിവാക്കി കൃഷിയോഗ്യമാക്കുന്നതിനും കൃഷി നടത്തുന്നതിനുമായി 2015-16 -ലെ സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം നടപടി സ്വീകരിച്ച് പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇതു പ്രകാരം പാട്ടത്തിന് പച്ചക്കറി കൃഷി ചെയ്യുന്നതിന് സഹായം നല്കി വരുന്നു. ഒരു ഹെക്ടറിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ആകെ 30000 രൂപ ധനസഹായമായി നല്കി വരുന്നു. ഇതിൽ 5000 രൂപ ഭൂമിയുടെ ഉടമസ്ഥനും 25000 രൂപ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകനും ലഭിക്കും. പദ്ധതി പ്രകാരം 400 ഹെക്ടർ തരിശു നിലത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി 120 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ നാലു വർഷം എത്ര ഏക്കർ തരിശു ഭൂമി കൃഷിക്കായി പാട്ടത്തിന് നൽകിയിട്ടുണ്ട് ; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ;

(ഡി) എത്ര സ്ഥലത്ത് കൃഷി ഇറക്കിയെന്നും എന്തെല്ലാം വിളകൾ കൃഷി ചെയ്തുവെന്നും ഉല്പാദനം എത്രയായിരുന്നുവെന്നുമുള്ള ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശം നൽകുമോ ?

(സി) & (ഡി) തരിശുഭൂമി പാട്ടത്തിനു നൽകി വിവിധ പദ്ധതികൾ പ്രകാരം പച്ചക്കറിയും നെല്ലും കൃഷി ചെയ്തതിന്റെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ